**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4773** **20-07-2022 - ൽ മറുപടിയ്ക്ക്**

**തങ്കളം-കാക്കനാട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന തങ്കളം-കാക്കനാട് റോഡിന്റെ കുന്നത്തുനാട് മണ്ഡലത്തിൽ വരുന്ന ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കാക്കനാട് തങ്കളം നാലുവരിപാത ആക്കുന്നതിനു കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 01/11/2016-ൽ 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് 12/02/2021-ലെ ഭരണാനുമതി ഉത്തരവ് പ്രകാരം 2 വർഷത്തേക്കുകൂടി ഭരണാനുമതി പുതുക്കി നല്കിയിട്ടുണ്ട്. കാക്കനാട് തങ്കളം നാലുവരിപാത, ചീഫ് എഞ്ചിനീയർ റോഡ്സ് ആൻഡ് ബ്രിഡ്ജസ് അംഗീകരിച്ച അലൈൻമെന്റ് പ്രകാരം 2009 ൽ സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളോജീസ് തിരുവനന്തപുരം അലൈൻമെന്റ് കല്ല് സ്ഥാപിച്ചിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി നിലവിൽ കെ.ആർ.എഫ്.ബി വിഭാഗ ത്തിലാണ്. പ്രസ്തുത പ്രവൃത്തിയിൽ കുന്നത്തുനാട് മണ്ഡലത്തിലൂടെ കടന്നു പോകുന്ന ഭാഗത്ത് ഡീറ്റെയിൽഡ് പ്രോജെക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർകെ.ആർ.എഫ്.ബി -പി.എം.യു മൂവാറ്റുപുഴ/ ഇടുക്കി, ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് 09-12-2021 ൽ കത്ത് നൽകുകയും, ഡിസൈൻ വിഭാഗം RIQCL എറണാകുളത്തിന് കൈമാറുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥരും, ഇൻവെസ്റ്റിഗേഷൻ ഉദ്യോഗസ്ഥരും ചേർന്ന് 24-02-2022 ൽ സംയുക്ത സ്ഥല പരിശോധന നടത്തി. പരിശോധനയിൽ നിർദിഷ്ട അലൈൻമെന്റ് കൃത്യമായി കണ്ടെത്താൻ സാധിക്കാത്ത അവസ്ഥ യിലാണ്. 19-05-2022, 15-07-2022 എന്നീ തീയതികളിൽ തുടർ സ്ഥലപരിശോധന നടത്തി RIQCL എറണാകുളം, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ഇൻവെസ്റ്റിഗേഷൻ നടത്തി ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ